ഉത്തരം

(എ) സ്വകാര്യ എയിഡഡ് സ്കൂൾ, കോളേജ് മേഖലയിൽ ആകെ 1,24,054 അദ്ധ്യാപകരും 15,405 അദ്ധ്യാപകേതര ജീവനക്കാരുമുണ്ട്.

(ബി) ഉണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

150 (3163) പ്ലസ്ടു അദ്ധ്യാപകരുടെ കുറഞ്ഞ യോഗ്യത

ശ്രീ. ആന്റണി രാജു :

ഡോ. കെ.സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്ലസ് ടൂ അദ്ധ്യാപകരുടെ നിയമനത്തിനായി രണ്ടാം ക്ലാസ് ബിരുദാനന്തര ബിരുദം അടിസ്ഥാനയോഗ്യതയായി നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ആർട്ട് വിഷയങ്ങളിലും സയൻസ് വിഷയങ്ങളിലും രണ്ടാം ക്ലാസ് പി.ജി.ബിരുദം നിർബന്ധമാക്കിയിട്ടുണ്ടോ;

(സി) കൂടുതൽ മാർക്ക് ലഭിക്കുവാൻ സാദ്ധ്യതയില്ലാത്ത ആർട്സ് വിഷയങ്ങളിൽ പി.ജി. ബിരുദമെടുത്തവർ ഇതുമൂലം ബുദ്ധിമുട്ടനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതു പരിഗണിച്ച് ആർട്സ് വിഷയങ്ങളിൽ പി.ജി. ബിരുദമുള്ളവരുടെ അടിസ്ഥാനയോഗ്യത 45% മാർക്കായി നിജപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്ലസ് ടൂ അദ്ധ്യാപകരുടെ നിയമനത്തിനായി 50% മാർക്കോടുകൂടിയ ബിരുദാനന്തര ബിരുദവും, ബി.എഡ്. ബിരുദവും അടിസ്ഥാന യോഗ്യതയായി അംഗീകരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) 50% മാർക്കോടെ ആർട്സ് വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം എടുത്തവരുടെ ക്ഷാമമനുഭവപ്പെടുന്നില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

151 (3164) എൽ.പി. സ്കൂളുകളിൽ ബി.എഡ്. കാരുടെ നിയമനം

ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൽ.പി. സ്കൂളുകളിൽ ബി.എഡ്. കാരെ നിയമിക്കരുതെന്ന് ഗവൺമെന്റ് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; എങ്കിൽ ഉത്തരവിന് എന്ന് മുതൽ പ്രാബല്യമുണ്ടായിരിക്കും;

(ബി) നിലവിലുള്ള എൽ.പി., യു.പി. അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിലുള്ള ബി.എഡ്. കാർക്ക് ഈ ഉത്തരവ് ബാധകമാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) എൽ.പി സ്കൂളുകളിൽ താൽക്കാലികമായി ജോലിചെയ്ത് 51 എ ക്ലെയിമെന്റായിട്ടുള്ള ബി.എഡ്. കാർക്ക് പ്രസ്തുത ഉത്തരവ് ബാധകമാകുമോ; ഇത്തരം അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എൽ.പി. സ്കൂളുകളിൽ ടി.ടി.സി ക്കാരേയും യു.പി. സ്കൂളുകളിൽ ടി.ടി.സി/ബി.എഡ്. കാരേയും നിയമിക്കണമെന്ന് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

(ബി) ഇക്കാര്യം കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.

(സി) ബാധകമാവില്ല.

152 (3165) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക നിയമനം

ശ്രീ. എം.കെ. മുനീർ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഹയർ സെക്കണ്ടറി കോഴ്സുകൾ അനുവദിച്ചിട്ടുള്ള സ്കൂളുകളിൽ ടീച്ചിംഗ്, നോൺ ടീച്ചിംഗ് സ്റ്റാഫുകളുടെ നിയമനം പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ നിയമനം പൂർത്തിയാക്കാൻ സ്വീകരിച്ച നടപടിക്രമങ്ങൾ എന്തൊക്കെയെന്നും എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ;

(സി) സർക്കാർ സ്കൂളിലെ ഹയർ സെക്കണ്ടറി വിഭാഗത്തിന് ലാബ് സൗകര്യം ഏർപ്പെടുത്താൻ ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചും സ്കൂളുകൾ തിരിച്ചും വ്യക്തമാക്കുമോ;

((ഡി) ഇത്തരം സ്കൂളുകളിൽ ലൈബ്രറി പുസ്തകം വാങ്ങാൻ സർക്കാർ എത്ര രൂപ ചെലവഴിച്ചു എന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി)പൂർത്തിയായിട്ടില്ല. സുപ്രീം കോടതിയിൽ ഒരു കേസ്സ് നിലവിലുള്ളതിനാൽ നിയമനം സംബന്ധിച്ച നടപടികൾ നിർത്തിവച്ചിരിക്കുകയാണ്. കേസ്സിന്റെ അന്തിമവിധി വന്നാലുടൻ ഇതു സംബന്ധിച്ച നടപടികൾ ആരംഭിക്കുന്നതാണ്.

(സി) സ്കൂളുകൾ തിരിച്ചുള്ള കണക്ക് അനുബന്ധം 'ക'യിൽ കാണുക.†

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly